## പതിമൂന്നാം കേരള നിയമസഭ
## 8-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 749 — 20/03/13-ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനം

| | ചോദ്യം<br><br>ശ്രീമതി. അയിഷാ പോറ്റി | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആശ്രിത നിയമനത്തിനായുള്ള സിനിത. എൻ.എസ് -ന്റെ ഫയലിന്മേൽ (12115/എച്ച് 1) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ യും ബി യും) | ശ്രീമതി. സിനിത. എൻ. എസിന്റെ ആശ്രിത നിയമനത്തിന് വേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടർ മുഖാന്തിരം സർക്കാരിൽ ലഭിച്ച അപേക്ഷ പരിശോധിച്ച്, അപേക്ഷക സർക്കാർ നിയമനത്തിന് അർഹയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അപേക്ഷക തന്റെ നിയമനത്തിന് പ്രഥമ പരിഗണന നൽകിയിരിക്കുന്നത് പഞ്ചായത്ത് വകുപ്പിലെ ക്ളാർക്ക് തസ്തിക ആയതിനാൽ സീനിയോരിറ്റി പ്രകാരം നിയമനം നടത്തുന്നതിലേക്ക് ഒഴിവ് അനുവദിച്ച് കിട്ടുന്നതിനായി അപേക്ഷകയുടെ വിശദവിവരങ്ങൾ പൊതുഭരണ (സി.ഇ.സെൽ)വകുപ്പിനെ അറിയിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ആരോഗ്യവകുപ്പിൽ സിനിതയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനായി നൽകിയ അപേക്ഷയിൽ അനുഭാവപൂർവ്വ നടപടികൾ കൈക്കൊണ്ട് ആശ്രിത നിയമനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

Sd/-
സെക്ഷൻ ഓഫീസർ